(എ) കേരളത്തിൽ എത്ര പ്രകൃതി ചികിത്സാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(ബി) കേരളത്തിൽ ആദ്യമായി ആരംഭിച്ചതും അഞ്ചേക്കറോളം സ്ഥലത്ത് സ്ഥിതിചെയ്യുന്നതുമായ വർക്കലയിലെ പ്രകൃതിചികിൽസാകേന്ദ്രം വികസിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) ഈ ചികിത്സാകേന്ദ്രങ്ങൾ കൂടുതൽ വാർഡുകളും കിടക്കകളും അടിയന്തിരമായി ഏർപ്പെടുത്താൻ അനുവാദം നൽകുമോ ;

(ഡി) ഈ ചികിൽസാകേന്ദ്രത്തോടനുബന്ധിച്ച് ഒരു പ്രകൃതി ചികിൽസാകേന്ദ്രം കൂടി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ വകുപ്പിന്റെ കീഴിൽ കേരളത്തിൽ തിരുവനന്തപുരം ജില്ലയിലെ വർക്കലയിൽ ഒരു പ്രകൃതി ചികിൽസാകേന്ദ്രവും പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ഗവ: ആയുർവേദ ആശുപത്രിയോടനുബന്ധിച്ച് 10 കിടക്കകളോട് കൂടിയ ഒരു വാർഡും പ്രവർത്തിച്ചുവരുന്നു.

(ബി&സി) ഉണ്ട്. കേരളത്തിൽ ആദ്യമായി ആരംഭിച്ചതായ വർക്കല പ്രകൃതിചികിൽസാകേന്ദ്രം 30 കിടക്കകളോടുകൂടിയ കേന്ദ്രമായി ഉയർത്തുന്ന കാര്യം പരിശോധിച്ചു വരികയാണ്.

(ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

നെടുമങ്ങാട് താലൂക്ക് ആയുർവേദ ആശുപത്രി

155 (159) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ താലൂക്കാസ്ഥാനമായ നെടുമങ്ങാട് ഒരു ആയുർവേദ ആശുപത്രി ഇല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മലയോര താലൂക്കായ ഇവിടെ ഒരു താലൂക്ക് ആയുർവേദ ഡിസ്പെൻസറി തുടങ്ങുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) ഇതു സംബന്ധിച്ച് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ആയുർവേദ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിന് സ്ഥല നിർണ്ണയം സംബന്ധിച്ച് പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly